**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 215** **22-07-2021 - ൽ മറുപടിയ്ക്ക്**

**റോഡ് നവീകരണത്തിന് ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | മലയോര ഹൈവേയുടെ ഭാഗമായി നിലമ്പൂർ മണ്ഡലത്തിലെ കാറ്റാടിക്കടവ് പാലം മുതൽ പൂക്കോട്ടും പാടം വരെ റോഡ് വീതി കൂട്ടി നവീകരിക്കുന്നതിന് കെ.എസ്.ഇ.ബി യുടെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റിസ്ഥാപിക്കുന്നതിന് ഒരു കോടിയിൽപ്പരം രൂപ അടച്ചിട്ടും തുടർ നടപടികൾ ആരംഭിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് കെ.എസ്.ഇ.ബി ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | മലയോര ഹൈവേയുടെ ഭാഗമായി നിലമ്പൂർമണ്ഡലത്തിലെ കാറ്റാടിക്കടവ് പാലം മുതൽപൂക്കോട്ടുംപാടം വരെ റോഡ് വീതി കൂട്ടി നവീകരിക്കുന്നതിന് കെ.എസ്.ഇ.ബി യുടെ ഇലക്ട്രിക് പോസ്റ്റുകൾമാറ്റി സ്ഥാപിക്കുന്നതിനായി 1,04,22,145/ രൂപ 01/07/2021 ന് കെ.എസ്.ഇ.ബി.എൽ - ൽ അടച്ചിട്ടുണ്ട്. ആയതിന്റെ ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തികരിച്ചതിന് ശേഷം, ഒരു മാസം കൊണ്ട് ടി പ്രവൃത്തി പൂർത്തികരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | മലയോര ഹൈവേയുടെ ഭാഗമായി തമ്പുരാട്ടിക്കല്ല് ഫാം ഗേറ്റ് മുതൽ ചാത്തമുണ്ട വരെയുള്ള ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുന്നതിനുള്ള നടപടികളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ; | (ബി) | മലയോര ഹൈവേയുടെ ഭാഗമായി തമ്പുരാട്ടിക്കല്ല് ഫാം ഗേറ്റ് മുതൽ ചാത്തമുണ്ട വരെയുള്ള ഇലക്ട്രിക് പോസ്റ്റുകൾമാറ്റുന്നതിനുള്ള പ്രവൃത്തിക്കായി 19/11/2020 തീയതിയിൽ 1,07,51,567/- രൂപയുടെ ഭരണാനുമതി നൽകുകയും 21.12.2020 ന് അറിയിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും, ഇതുവരെ കിഫ്ബിയിൽ നിന്നും തുക അടവാക്കിയിട്ടില്ല. |
| (സി) | മലയോര ഹൈവേക്കായി ചാത്തമുണ്ട മുതൽ കുറ്റിക്കടവ് പാലം വരെയുള്ള ഭാഗത്തെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി വിശദമായ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് തയ്യാറാക്കി നൽകാനാണ് സാധിക്കുക എന്നറിയിക്കാമോ; | (സി) | മലയോര ഹൈവേക്കായി ചാത്തമുണ്ട മുതൽ കുറ്റിക്കടവ് പാലം വരെയുള്ള ഭാഗത്തെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി 20,70,441/- രൂപയുടെയും, 8,93,644/- രൂപയുടെയും വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയും 12/11/2020 തീയതിയിലും, 18/11/2020 ലും ഭരണാനുമതി നൽകുകയും 23.01.2021, 22.01.2021 എന്നീ തീയതികളിൽ അറിയിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും, ഇതുവരെ തുക അടവാക്കിയിട്ടില്ല. |
| (ഡി) | മലയോര ഹൈവേയുടെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കെ.എസ്.ഇ.ബിയുടെ ഭാഗത്ത് നിന്നുള്ള ഇലക്ട്രിക് | (ഡി) | മലയോര ഹൈവേയുടെ പ്രവൃത്തികൾ (ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുന്ന ജോലികൾ) തുക അടയ്ക്കുന്ന മുറയ്ക്ക് സമയബന്ധിതമായി പൂർത്തികരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | പോസ്റ്റുകൾ മാറ്റുന്ന ജോലികൾ പ്രത്യേകമായി പൂർത്തീകരിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ